File No.TRY/1239/2020-C1

ഭരണഭാഷ - മാതൃഭാഷ

നം. TRY/1239/2020-C1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 23/11/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/ സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: കേരള സ്വാതന്ത്ര്യ സമര സേനാനി ഉടർ പെൻഷൻ - നിർദ്ദേശം - സംബന്ധിച്ച്.

സൂചന : 24.09.2020-ലെ FFPB1/15/2020-GAD നമ്പർ സർക്കാർ കത്ത്.

22.05.1971-ലെ സ.ഉ(പി)നം. 143/71/പിഡി പ്രകാരം സ്വാതന്ത്ര്യ സമര സേനാനി/ ഉടർ പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്. കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടം 18A പ്രകാരം (13/06/2012-ലെ സ.ഉ(പി) നം.148/2012/ജി.എ.ഡി) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷണർക്ക്, പെൻഷൻ ചട്ടം 10 പ്രകാരം നിർവചിച്ചിട്ടുള്ള ഉടർ പെൻഷണറെ, പെൻഷൻ ബുക്കിൽ നോമിനിയായി/ നിയമാനുസൃത അവകാശിയായി ചേർക്കുന്നതിനുള്ള അവകാശമുണ്ട്. അപ്രകാരം പേര് ചേർക്കപ്പെട്ടിട്ടുള്ള നോമിനിയ്ക്ക് പെൻഷണർ മരിക്കുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഉടർ പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രസ്തുത പെൻഷൻ അനുവദിക്കേണ്ടത് ജില്ലാ കളക്ടറുടെ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

ആകയാൽ ***പെൻഷൻ ബുക്കിലെ നോമിനിയാണെന്ന കാരണത്താൽ കേരള സ്വാതന്ത്ര്യ സമര സേനാനി ഉടർ പെൻഷൻ അനുവദിച്ച് നല്കാൻ ട്രഷറികൾക്ക് അനുവാദമില്ല എന്നും ജില്ലാ കളക്ടറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം പെൻഷൻ അനുവദിക്കാവൂ എന്നുള്ള സർക്കാർ*** നിർദ്ദേശം (സൂചന പ്രകാരം ലഭ്യമായത്) എല്ലാ ട്രഷറി ഓഫീസർമാരും നിർബന്ധമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

DIRECTOR

Approved for Issue

Senior Superintendent

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com